ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആഭ്യന്തര വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും അന്വേഷിച്ച് ചട്ടപ്രകാരം അച്ചടക്ക/ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് എത്ര ജീവനക്കാർക്കെതിരെയാണ് അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് 41 ജീവനക്കാർക്കെതിരെ അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പിറവം മണ്ഡലത്തിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

263(1248) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ വാഹന രജിസ്ട്രേഷൻ നടത്തുന്നതിനായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൂവാറ്റുപുഴ ആർ.ടി. ഓഫീസിന്റെയും തൃപ്പൂണിത്തുറ സബ് ആർ.ടി. ഓഫീസിന്റെയും പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന്റെയും പരിധിയിൽ വരുന്ന താലൂക്കുകളിലെ മനീട്, എഴക്കരനാട്, രാമമംഗലം, പാമ്പാക്കുട, കുത്താട്ടുകുളം, പിറവം, ഐക്കരനാട്, മുളന്തുരുത്തി, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, വെളിയനാട്, പെപ്പതി, വെട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പിറവം കേന്ദ്രമാക്കി സബ് ആർ.ടി. ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

(ബി) പിറവം കേന്ദ്രമാക്കി ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മൂവാറ്റുപുഴ ആർ.ടി. ഓഫീസിന്റെയും തൃപ്പൂണിത്തുറ സബ് ആർ.ടി. ഓഫീസിന്റെയും പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന്റെയും പരിധിയിൽ വരുന്ന താലൂക്കുകളിലെ മനീട്, എഴക്കരനാട്, രാമമംഗലം, പാമ്പാക്കുട, കുത്താട്ടുകുളം, പിറവം, ഐക്കരനാട്, മുളന്തുരുത്തി, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, വെളിയനാട്, പെപ്പതി, വെട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പിറവം കേന്ദ്രമാക്കി സബ് ആർ.ടി ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly